15 -ാം കേരള നിയമസഭ

10 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2610 — 13-02-2024 - ൽ മറുപടിയ്ക്ക്

## നികുതി വകുപ്പിന്റെ പുനസംഘടന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നികുതി വകുപ്പ് പുന:സംഘടിപ്പിച്ചതിലൂടെ എന്തെല്ലാം നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായാണ് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ പുനഃസംഘടന നടപ്പിലാക്കിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി ഇന്റലിജന്റ്സ് & എൻഫോഴ്സ്മെന്റ്, ഓഡിറ്റ്, ടാക്സ്പെയർ സർവീസ് വിഭാഗങ്ങൾ രൂപീകരിച്ച് നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വകുപ്പ് കാര്യക്ഷമതയോടെ ഏർപ്പെട്ട് വരുന്നു. പുനഃസംഘടനയുടെ ഭാഗമായി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മികച്ച പരിശീലനം നൽകിയതിലൂടെ നികുതി നിയമങ്ങളിലും ഇൻവെസ്റ്റിഗേഷൻ, ഓഡിറ്റ് പ്രവർത്തനങ്ങളിലുമുള്ള ഉദ്യോഗസ്ഥരുടെ അറിവ് വർധിച്ചിട്ടുണ്ട്. അതാത് വെർട്ടിക്കലുകളിലെ ഉദ്യോഗസ്ഥർക്കു നിശ്ചയിച്ചിട്ടുള്ള പ്രവർത്തികൾ മാത്രം ചെയ്യുന്നതിലൂടെ അതാത് വെർട്ടിക്കലുകളിലെ പ്രവർത്തനങ്ങളിൽ കൂടുതലായി ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കുന്നു. ഇതിലൂടെ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ പ്രൊഫെഷണലിസം വലിയ രീതിയിൽ വർധിച്ചിട്ടുണ്ട്. നികുതിദായകർക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും പുനഃസംഘടന സഹായകമായിട്ടുണ്ട്. നികുതി വരുമാനത്തിലും വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | നികുതി പിരിവിലും നികുതി വെട്ടിപ്പ് തടയുന്നതിലും വകുപ്പിന്റെ പ്രൊഫഷണലിസം വർദ്ധിപ്പിക്കുന്നതിന് | (ബി) | നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | | ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായാണ് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ പുനഃസംഘടന നടപ്പിലാക്കിയിട്ടുള്ളത്. ആയതിന്റെ ഭാഗമായി ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്, ഓഡിറ്റ്, ടാക്സ്പെയർ സർവീസ് വിഭാഗങ്ങൾ രൂപീകരിച്ച് നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വകുപ്പ് കാര്യക്ഷമതയോടെ ഏർപ്പെട്ട് വരുന്നു. പുനഃസംഘടനയുടെ ഭാഗമായി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് മികച്ച പരിശീലനം നൽകിയതിലൂടെ നികുതി നിയമങ്ങളിലും ഇൻവെസ്റ്റിഗേഷൻ, ഓഡിറ്റ് പ്രവർത്തനങ്ങളിലുമുള്ള ഉദ്യോഗസ്ഥരുടെ അറിവ് വർധിച്ചിട്ടുണ്ട്. അതാത് വെർട്ടിക്കലുകളിലെ ഉദ്യോഗസ്ഥർക്കു നിശ്ചയിച്ചിട്ടുള്ള പ്രവർത്തികൾ മാത്രം ചെയ്യുന്നതിലൂടെ അതാത് വെർട്ടിക്കലുകളിലെ പ്രവർത്തനങ്ങളിൽ കൂടുതലായി ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കുന്നു. ഇതിലൂടെ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ പ്രൊഫെഷണലിസം വലിയ രീതിയിൽ വർധിച്ചിട്ടുണ്ട്. പൊതുജനങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് നികുതി വെട്ടിപ്പ് തടയുന്നതിന്റെ ഭാഗമായി ഇൻഫോർമർ റിവാർഡ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുനഃസംഘടനയിലൂടെ തന്ത്രപ്രധാന കേന്ദ്രങ്ങളിൽ മൂന്ന് സോണൽ ജോയിൻറ് കമ്മീഷണർ (ഐ&ഇ) മാരുടെ കീഴിൽ 47 എൻഫോഴ്സ്മെൻറ് സ്ക്വാഡുകൾ പുനർ വിന്യസിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് ചരക്ക് വാഹന പരിശോധന നടത്തി നികുതി ചോർച്ച കണ്ടെത്തുന്നതിനും തടയുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ കാര്യക്ഷമതയോടെ ഏർപ്പെട്ടുവരുന്നു. നികുതിവെട്ടിപ്പ് കണ്ടെത്തുന്ന സാഹചര്യങ്ങളിൽ ജി.എസ്.ടി നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. വ്യാജരേഖകൾ ഉപയോഗിച്ച് വ്യാജരജിസ്ട്രേഷൻ നേടിക്കൊണ്ട് ചരക്ക് നീക്കം ഇല്ലാതെ വ്യാജ ബില്ലുകൾ നൽകി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തട്ടിപ്പ് നടത്തുന്ന ദേശീയതലത്തിൽ പ്രവർത്തിക്കുന്ന കോക്കസിനെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള ചുമതലകൂടി ഈ വിഭാഗത്തിന് നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള തട്ടിപ്പുകാരെ കണ്ടെത്തി അവരുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനും, അവർ നൽകിയിട്ടുള്ള വ്യാജ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തിരിച്ചുപിടിക്കുന്നതിനും, അവർ നടത്തിയ വെട്ടിപ്പുമായി ബന്ധപ്പെട്ടവർക്കെതിരെ പീനൽ നടപടി സ്വീകരിക്കുന്നതിനും വേണ്ട രേഖകൾ ശേഖരിച്ച് ബന്ധപ്പെട്ട വിഭാഗത്തിന് കൈമാറി വൻ നികുതിചോർച്ച തടയുക എന്നതുമാണ് ഇതുമായി ബന്ധപ്പെട്ട് ഈ വിഭാഗത്തിന് നൽകിയിട്ടുള്ള ചുമതല.ജി.എസ്.ടി നികുതി ടാക്സ്പെയേഴ്സ് |

| | | | |
|---|---|---|---|
| | | | സർക്കാരിലേക്ക് കൃത്യമായി അടച്ചിട്ടുണ്ടെന്നു ഉറപ്പ് വരുത്തുന്നതിനായി ജി.എസ്.ടി നിയമപ്രകാരമുള്ള റിട്ടേൺ സ്ക്രൂട്ടിനി, ഓഡിറ്റ് എന്നിവ വകുപ്പ് നടത്തി വരുന്നു. റിട്ടേൺ സ്ക്രൂട്ടിനിയിലൂടെ ടാക്സ്പെയർ ഫയൽ ചെയ്യുന്ന ഓരോ മാസത്തേയും റിട്ടേണുകൾ പരിശോധിക്കുകയും പ്രശ്നങ്ങൾ കാണപ്പെടുന്ന പക്ഷം അത് പരിഹരിക്കുന്നതിനുള്ള നടപടികൾ ഉടനടി സ്വീകരിക്കുകയും ചെയ്യുന്നു. ഓഡിറ്റിംഗിലൂടെ ടാക്സ്പെയേഴ്സിന്റെ വാർഷിക റിട്ടേണുകളും അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളും ഓഡിറ്റ് ചെയ്യുകയും നികുതിവെട്ടിപ്പ് കണ്ടെത്തുന്ന പക്ഷം ജി.എസ്.ടി നിയമപ്രകാരമുള്ള പിഴയും പലിശയും ഉൾപ്പെടെ നികുതി സർക്കാരിലേക്ക് അടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വലിയ രീതിയിലുള്ള നികുതിവെട്ടിപ്പുകൾ കണ്ടെത്തുന്ന പക്ഷം പരിശോധന നടത്തി ജി.എസ്.ടി നിയമപ്രകാരം അറസ്റ്റ് ഉൾപ്പടെയുള്ള നടപടികളും വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ